## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 740 — 30.06.2015-ൽ മറുപടിക്ക്

### ജീവിതശൈലീ രോഗനിർണ്ണയത്തിന് സംവിധാനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി. ദിവാകരൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ജീവിതശൈലീ രോഗനിർണ്ണയത്തിനും ചികിത്സയ്ക്കുമായി നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണ് ; ഗ്രാമീണ തലത്തിൽ പദ്ധതി നടപ്പിലാക്കുന്നതിന് നിയോഗിക്കപ്പെട്ട സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ? | (എ) ജീവിതശൈലീ രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കും സംസ്ഥാന ആരോഗ്യവകുപ്പ് നടപ്പിലാക്കിയ പദ്ധതിയാണ് സംസ്ഥാന ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതി (അമൃതം ആരോഗ്യം). ഈ പദ്ധതി സംസ്ഥാനത്തെ എല്ലാ സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലും, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും, കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും നടപ്പിലാക്കി വരുന്നു. ആറായിരത്തോളം വരുന്ന ഈ കേന്ദ്രങ്ങളിൽ ജീവിതശൈലീ രോഗങ്ങളായ പ്രമേഹം, രക്താതി സമ്മർദ്ദം എന്നിവ നിർണ്ണയിക്കുന്നതിനുള്ള പ്രതിവാര ക്ലിനിക്കുകൾ സജ്ജമാക്കിയിട്ടുണ്ട്. ഇതിനാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുകയും ജീവനക്കാർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രതലം വരെ ജീവിതശൈലീ രോഗങ്ങൾക്കായുള്ള മരുന്നുകളും സൗജന്യമായി നൽകി വരുന്നുണ്ട്. ജീവിതശൈലീ രോഗ നിയന്ത്രണത്തിനാവശ്യമായ ആരോഗ്യ ബോധവൽക്കരണം ജീവനക്കാരിലൂടെ നൽകി വരുന്നുണ്ട്.<br>സ്കൂൾ തലങ്ങളിൽ വിദ്യാർത്ഥികളെ ജീവിതശൈലീ രോഗങ്ങൾ വരാതെ പ്രതിരോധിക്കുന്നതിന് ആരോഗ്യ ബോധവൽക്കരണവും, യോഗ ഉൾപ്പെടെയുള്ള വ്യായാമങ്ങൾ പരിശീലിപ്പിക്കുന്നതിനും, LEAP (ലൈഫ് സ്റ്റൈൽ എഡ്യൂക്കേഷൻ ആന്റ് അവയർനസ്സ് പ്രോഗ്രാം) നടപ്പിലാക്കി വരുന്നു.<br>വിദൂര പ്രദേശങ്ങളിൽ അധിവസിക്കുന്ന ജനങ്ങൾക്കായി Care on wheels, care on waves എന്നീ സഞ്ചരിക്കുന്ന ജീവിത ശൈലീ രോഗ നിയന്ത്രണ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. Work place Intervention -ലൂടെ ഓഫീസുകൾ, ഫാക്ടറികൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവർക്കും, പോലീസുകാർക്കുമായി SHAPE പ്രോഗ്രാമിലൂടെയും ജീവിതശൈലീ രോഗനിയന്ത്രണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ